മാളയിലെ ഫയർസ്റ്റേഷൻ നിർമ്മാണം

81 (1550) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാളയിലെ ഫയർസ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഫയർസ്റ്റേഷൻ നിർമ്മാണം ഈ സാമ്പത്തിക വർഷത്തിൽ തുടങ്ങുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല.

(ബി) വരുന്ന മൂന്നുവർഷംകൊണ്ട് ഒരു ജില്ലയിൽ ഒന്നു വീതം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാൻ സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന സ്ഥലങ്ങളുടെ പേരുകൾ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക സമർപ്പിക്കുവാൻ കമാന്റന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലമ്പൂരിൽ ഫയർ സ്റ്റേഷൻ

82 (1551) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നിലമ്പൂർ താലൂക്കിൽ ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന പതിനാല് സ്ഥലങ്ങളിൽ (ജില്ലയിൽ ഒന്നു വീതം) അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഫയർസ്റ്റേഷനുകൾ അനുവദിക്കുവാനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കമാന്റന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജീവപര്യന്തം തടവുകാരെ യഥാർത്ഥ ശിക്ഷാ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് മോചിപ്പിക്കുന്ന നടപടി

83 (1552) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവപര്യന്തം തടവുകാരെ യഥാർത്ഥ ശിക്ഷയുടെ കാലാവധി പൂർത്തിയാകാതെ ശിക്ഷയിൽ ഇളവു നൽകി വിടുതൽ ചെയ്യുവാൻ പാടില്ല എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി എന്തെങ്കിലും വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടോ

(ബി) എങ്കിൽ പ്രസ്തുത വിധിന്യായം പുറപ്പെടുവിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ പ്രേരിപ്പിച്ച കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വെളിപ്പെടുത്തുമോ ;

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10-1-2002, 4-6-2002 എന്നീ തീയതികളിലെ ക്രിമിനൽ എം.സി. 400/2001/എന്ന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത ഉത്തരവിൽ ഗവൺമെന്റിന്റെ വിവേചനാധികാരം ഉപയോഗിച്ച് ജയിൽ റിക്കോർഡ്സിൽ നല്ല അഭിപ്രായമുള്ള ജീവപര്യന്തം തടവുകാരെ മോചിപ്പിക്കുന്നതിൽനിന്ന് ഗവൺമെന്റിനെ ബഹുമാനപ്പെട്ട ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ജീവപര്യന്തം തടവുകാരെ 14 വർഷമെങ്കിലും ശിക്ഷ പൂർത്തിയാക്കാതെ വിടുതൽ ചെയ്യുവാൻ പാടില്ല എന്നും അതിനു ശേഷമുള്ള വിടുതൽതന്നെ കേസിന്റെയും തടവുകാരന്റെയും എല്ലാ വിശദാംശങ്ങളും പഠിച്ചതിന് ശേഷമായിരിക്കണം എന്നും സി.ആർ.എൽ.എം.സി. 400/2001-ലെ 10-1-2002-ലെയും, 4-6-2002-ലെയും വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നു.

(ബി) ഹൈക്കോടതിയിൽ നിക്ഷിപ്തമായ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് നീതി നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്വമേധയാ കേസ്സെടുത്ത് വിധിന്യായം പുറപ്പെടുവിച്ചത്.

(സി) മേൽ വിധിന്യായങ്ങളിൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുകൾ (പരോൾ, അകാല വിടുതൽ, മുതലായവ അനുവദിക്കുന്നതു സംബന്ധിച്ച് സുതാര്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക) സമയപരിധിക്കുള്ളിൽ സർക്കാർ നടപ്പിലാക്കേണ്ടതുണ്ട്. ഇതിലേക്ക് സർക്കാരിന് ഉപദേശം നൽകുന്നതിലേക്കായി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം അനന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഹൈക്കോടതി സ്വമേധയാ എടുത്ത കേസ്സായ ക്രിമിനൽ എം.സി.400/2001-ലെ 10-1-2002-ലെയും 4-6-2002-ലെയും വിധി ന്യായത്തിന്റെ പകർപ്പ് അനുബന്ധമായി* വച്ചിട്ടുണ്ട്.

(ഇ) ഇല്ല. സുപ്രീംകോടതിയുടെ നിർവചനമനുസരിച്ച് ജീവപര്യന്തം എന്നാൽ പ്രതിയുടെ ശേഷിച്ച ജീവിതം മുഴുവൻ തടവിലാക്കണം എന്നാണ് അർത്ഥമാക്കുന്നത്. എന്നാൽ ജയിൽ റിക്കാർഡ്സിൽ നല്ല അഭിപ്രായമുള്ള ജീവപര്യന്തം തടവുകാരെ ക്രിമിനൽ പ്രൊസീഡിയർ കോഡിലെ സെക്ഷൻ 433-എ-ൽ പറയുന്നതു പോലെ 14 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇന്ത്യൻ ഭരണഘടനയുടെ 161-ാം വകുപ്പ് പ്രകാരമുള്ള സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് മോചിപ്പിക്കുന്നതിന് ഹൈക്കോടതിയുടെ പ്രസ്തുത ഉത്തരവ് തടസ്സമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly